പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2281

8.07.2015- ൽ മറുപടി നല്കേണ്ടത്.

## ഹോസ്റ്റലുകളും ഭക്ഷ്യസുരക്ഷയും

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എം . പി. വിൻസെന്റ് | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | ഹോസ്റ്റലുകൾ, പേയിംഗ് ഗസ്റ്റ് സംവിധാനം ഇവയ്ക്ക് ഭക്ഷ്യസുരക്ഷാ ലൈസൻസ് നിർബന്ധമാക്കുമോ ; | എ) | ഹോസ്റ്റലുകൾ, പേയിംഗ് ഗസ്റ്റ് സംവിധാനം ഉൾപ്പെടെ ഭക്ഷ്യവിതരണം നടത്തുന്ന എല്ലാത്തരം സ്ഥാപനങ്ങളും 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം ലൈസൻസോ രജിസ്ട്രേഷനോ കരസ്ഥമാക്കേണ്ടതാണ്. ആയത് കരസ്ഥമാക്കേണ്ടതിന്റെ ആവശ്യകത മുൻനിർത്തി എല്ലാത്തരം മാധ്യമങ്ങളിലൂടെയും ഇതിനകം പരസ്യം നൽകിയിട്ടുള്ളതുമാണ്. ലൈസൻസ്/ രജിസ്ട്രേഷൻ എടുക്കാത്ത ഭക്ഷ്യവിതരണം ചെയ്യുന്ന എല്ലാ സ്ഥാപനങ്ങൾക്കെതിരെയും കർശനമായ നിയമനടപടി സ്വീകരിക്കുന്നതാണ്. |
| ബി) | അനധികൃതമായിപ്രവർത്തിക്കുന്ന ഇത്തരം സംവിധാനങ്ങൾക്ക് എതിരെ നടപടി സ്വീകരിക്കുമോ ? | ബി) | പരിശോധനകളിൽ ഭക്ഷ്യസുരക്ഷാ ലൈസൻസോ രജിസ്ട്രേഷനോ കരസ്ഥമാക്കാത്ത ഇത്തരം സംവിധാനങ്ങൾക്ക് എതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിൽഅനുശാസിക്കും പ്രകാരം നിയമനടപടി കൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ